നം.4031/**ബി.ഫാം (എൽ.ഇ)**/2012/റ്റി.എ.4/സി.ഇ.ഇ

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

## വിജ്ഞാപനം

## ബി.ഫാം (എൽ.ഇ) പ്രവേശന പരീക്ഷ - 2012
## അഡ്മിറ്റ് കാർഡ് ലഭ്യമാക്കുന്നത് സംബന്ധിച്ച്

**2012 നവംബർ 11 ന്** (ഞായർ) രാവിലെ 10 മുതൽ 12 മണി വരെ തിരുവനന്തപുരം കേന്ദ്രമായി നടത്തുന്ന 2012–13 ലെ ബി.ഫാം (എൽ.ഇ) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ **അഡ്മിറ്റ് കാർഡുകൾ 02.11.2012 മുതൽ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

വെബ്സൈറ്റിലെ നിർദ്ദിഷ്ട പേജിൽ **ആപ്ലിക്കേഷൻ നമ്പറും, ജനന തീയതിയും** കൃത്യമായി നൽകിയതിനുശേഷം **Get Admit Card** ലിങ്ക് ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. ഈ അഡ്മിറ്റ് കാർഡുമായാണ് അപേക്ഷകൻ പരീക്ഷാ ഹാളിൽ ഹാജരാകേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല.

അപേക്ഷയിലെ അപാകത മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞു വച്ചിട്ടുണ്ട്. ഇതിനുള്ള കാരണങ്ങൾ അവരുടെ ഹോം പേജിൽ ലഭ്യമാണ്. പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള ഫോർമാറ്റുകളും ഹോം പേജിൽ ലഭ്യമാണ്. ന്യൂനത പരിഹരിക്കുന്നതിനുള്ള രേഖകൾ **08.11.2012 വൈകുന്നേരം 5 മണി** ക്കുള്ളിൽ ഈ ഓഫീസിൽ സമർപ്പിക്കുന്ന മുറയ്ക്ക് അവരുടെ അഡ്മിറ്റ് കാർഡുകൾ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്. അപേക്ഷയിലെ അപാകതകൾക്കായി തപാൽ വഴി വ്യക്തിഗത മെമ്മോകൾ അയക്കുന്നതല്ല.

ആപ്ലിക്കേഷൻ നമ്പറിനുവേണ്ടി, പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിച്ചിട്ടുള്ളവരുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് പരിശോധിക്കാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0471 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
02.11.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**